കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി11/2484/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 18.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി11/2484/2018 തീയതി – 18.12.2018

# പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 3.7.2017 മുതൽ 16.9.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : മേരി ഹണി ജോസഫ്

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17.9.2018 മുതൽ 28.9.2018 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പി.രമാദേവി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഐ.കന്തസ്വാമി | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.തങ്കമണി | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ.എ.മോഹനൻ<br>ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള<br>(സെക്രട്ടറി ഇൻ ചാർജ്) | 1.4.17 മുതൽ 23.6.17 വരെ<br>24.6.17 മുതൽ 17.7.17FN വരെ |

| | | |
|---|---|---|
| | ശ്രീ.എ.മോഹനൻ | 17.7.17AN മുതൽ 31.3.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ: | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് സ്വീറ്റ് | 1.4.17മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രവി.വി. | 1.4.17 മുതൽ 31.3.18വരെ |
| പ്രധാനാദ്ധ്യാപകൻ, GUPS, എലപ്പുള്ളി | ശ്രീ.വിജയരാഘവൻ | 1.4.17 മുതൽ 31.5.17വരെ |
| | ശ്രീ.ബാബുരാജ്.ജെ. | 1.6.17 മുതൽ 31.7.17 വരെ |
| | ശ്രീ.വിപിനൻ.സി.എം. | 1.8.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ. | ശ്രീ.നവനീത്.സി.കെ. | 1.4.17 മുതൽ 31.3.18വരെ |
| ഐ.സി.ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ആർ.സൗദാമിനി | 1.4.17 മുതൽ 15.9.17FN വരെ |
| | ശ്രീമതി.ലത.ഇ.എൻ. | 15.9.17AN മുതൽ 31.3.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ആർ.ഗോപാലകൃഷ്ണപ്പിള്ള | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അരുൺ ശ്രീധർ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.വി.രഘുരാജൻ | 1.4.17 മുതൽ 1.7.17 വരെ |
| | ഡോ.സി.വി.ഉമ | 2.7.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ലാലു.ടി.ആർ. | 1.4.17 മുതൽ 31.7.17FN വരെ |
| | ഡോ.സീമ.എം.ചന്ദ്രൻ | 31.7.17AN മുതൽ 31.3.18വരെ |
| വെറ്ററിനറി സർജൻ | ഡോ.എം.എ.നാസർ | 1.4.17 മുതൽ 4.11.17 FNവരെ |
| | ഡോ.എസ്.ആനന്ദൻ | 4.11.17AN മുതൽ 31.3.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സി.രാധിക | 1.4.17 മുതൽ 20.10.17FNവരെ |
| | ശ്രീ.സജീഷ്കുമാർ.ജെ. | 20.10.17AN മുതൽ 31.3.18വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല | 2-1 |
| 14 | വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ് | 2-2 |
| 15 | സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ | 2-3 |
| 16 | വാടക ബൈലോ അംഗീകാരം ലഭ്യമായിട്ടില്ല | 2-4 |
| 17 | ഡി & ഒ ലൈസൻസ് -അപാകതകൾ | 2-5 |
| 18 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-6 |
| | ഭാഗം 3 | |
| 19 | സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 3-1 |
| 20 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് | 3-2 |
| 21 | ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ പരിശോനയ്ക്ക് ലഭ്യമായിട്ടില്ല | 3-3 |
| 22 | ഫർണിച്ചറുകൾ നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല | 3-4 |
| 23 | ഉഴവുകൂലി വിതരണം ബ്ലോക്ക് ഷെയർ വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 3-5 |
| 24 | പ്രൊഡക്ഷൻബോണസിനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ | 3-6 |

| | | |
|---|---|---|
| | സൂക്ഷിച്ചിരിക്കുന്നു | |
| 25 | നെൽവിത്തുവിതരണ പദ്ധതി -നെൽവിത്ത് കർഷകർക്ക് നൽകിയതിന്റെ രേഖകൾ ഇല്ല | 3-7 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-8 |
| 27 | ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി | 3-9 |
| 28 | വീട് വാസയോഗ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-10 |
| 29 | ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ പിരിച്ച തുകകൾ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-11 |
| 30 | മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 3-12 |
| 31 | ടാർ വാങ്ങുന്നതിനായി പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ് | 3-13 |
| 32 | ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ് | 3-14 |
| 33 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 3-15 |
| 34 | ഷീ പാഡ് പദ്ധതി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-16 |
| 35 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി- നിർവഹിച്ചതിലെ അപാകതകൾ | 3-17 |
| 36 | വീട് നിർമാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-18 |
| 37 | വൃദ്ധർക്ക് കട്ടിൽ വിതരണം(146/18) പദ്ധതി | 3-19 |
| | ഭാഗം 4 | |
| 38 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപം | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |

| | | |
|---|---|---|
| | അനുബന്ധം | |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 49 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്,ബാലൻസ് ഷീറ്റ്-സംക്ഷിപ്തം | 2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.3.2017തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 20.3.18ലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 15.5.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.6.2018 മുതൽ 23.6.18 വരെ | നം.കെ.എസ്.എ.പി.കെ.ഡി.21/ 1904(12)/2018 തിയതി, 29.8.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ് - ₹. 30393692.00

വരവ് - ₹. 113274198.00

ആകെ - ₹. 143667890.00

ചെലവ് - ₹. 126694732.00

നീക്കിയിരിപ്പ്- ₹. 16973158.00

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | മെന്റ് | | | യിരിപ്പ്/ ലാപ്സായ തുക |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 27285000 | 27285000 | 24960746 | 2324254 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 14567800 | 14567800 | 13160875 | 1406925 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12512357 | 12512357 | 12510104 | 2253 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5904717 | 5904717 | 5904717 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13367904 | 13367904 | 13367904 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | | | | |
| സാക്ഷരത | | 47965 | 2270 | 50235 | 0 | 50235 |
| ദുരിതാശ്വാസനിധി | | 0 | | | | |
| എം.ജി.എൻ .ആർ.ഇ.ജി.എസ്* | തൊഴിലാളികളുടെ കൂലി | 8088 | 34372438 | 35743358 | 34372438 | 5666 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 1362832 | | 1365254 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ -ICDS ഫണ്ട് | | 1222231 | 1415482 | 2637713 | 811500 | 1826213 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | SC Corpus Fund | 0 | 2343006 | 2343006 | 2343006 | 0 |
| | TSC Fund | | 124036 | 124036 | 124036 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 200000 | 2918471 | 3118471 | 2814859 | 303612 |
| | ജില്ലാ പഞ്ചായത്ത് | 0 | 500000 | 500000 | 500000 | 0 |
| ബി ഫണ്ട്** | | 0 | 66232720 | 66232720 | 66232720 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 14485418 | 12586486 | 27071904 | 25437348 | 1634556 |
| തനത് ഫണ്ട് | എലപ്പുള്ളി സർവീസ് | 6381870 | 5634055 | 12015925 | 3270609 | 8745316 |

| | | | | | | |
|---|---|---|---|---|---|---|
| | കോ.ഓപ്പ്. ബാങ്ക് | | | | | |
| | SBI, Elappally | 8827138 | 9814146 | 18641284 | 9630916 | 9010368 |

* MGNREGS വരവു ചെലവു തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം MGNREGS അഡ്മിനിസ്ട്രേറ്റീവ് വരവ് ₹.1370094 (675687+694407-അഡ്വാൻസ്), അഡ്മിനിസ്ട്രേറ്റീവ് ചെലവ് ₹.1372516 (₹.678109+694407), തൊഴിലാളികളുടെ കൂലി ₹. 35050547 ആണ്.

** ബി ഫണ്ട് വരവു തുകകൾ വാർഷിക ധനകാര്യപത്രികയിലെ വരവുമായി ₹. 426000 വ്യത്യാസമുണ്ട്.

*50* വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ സേവന സോഫ്റ്റ്‌വെയർ പ്രകാരം ഉള്ള യഥാർത്ഥ ചെലവ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം *₹.1171300* രൂപയാണ് ചെലവ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 288 | 135561584 | 234 | 76449499 | 0 | 54 | 81% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 81% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 56.39% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 2 | 11460848 | 5048634 | 44.05% |
| വി.ഇ.ഒ - 1 | 4 | 2 | 7110000 | 4646325 | 65.35% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 3 | 9014536 | 7763973 | 86.13% |
| സെക്രട്ടറി | 31 | 19 | 17385495 | 7847799 | 45.14% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 218 | 184 | 70757218 | 42156936 | 59.58% |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 1339675 | 704997 | 52.62% |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 300000 | 300000 | 100.00% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 200000 | 200000 | 100.00% |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 3875600 | 1000000 | 0.65% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2710371 | 1297888 | 47.89% |
| പ്രധാന അധ്യാപകൻ | 8 | 6 | 4758841 | 2733627 | 57.44% |
| അസി.സെക്രട്ടറി | 7 | 5 | 6649000 | 2749320 | 41.35% |
| ആകെ | 288 | 234 | 135561584 | 76449499 | 56.39% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8088 | 1362832 | 35743358 | 1365254 | 5666 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54120 | 93 |
| കർഷകതൊഴിലാളി പെൻഷൻ | 11650900 | 1022 |
| വിധവാപെൻഷൻ | 19207500 | 1635 |
| വാർദ്ധക്യകാലപെൻഷൻ | 29269300 | 2452 |
| വികലാംഗപെൻഷൻ | 4453600 | 376 |
| 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ | 1597300* | 130 |

** 50* വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ സേവന സോഫ്റ്റ്‌വെയർ പ്രകാരം ഉള്ള യഥാർത്ഥ ചെലവ് തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം *₹.1171300* രൂപയാണ് ചെലവ്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.9.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12306/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ രജിസ്റ്ററുകളുടെയും രേഖകളുടെയും സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം കൃത്യമായി നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തുന്നുണ്ട്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല. 2012 വർഷം വരെയുള്ള വിവരങ്ങൾ മാത്രമേ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളൂ.

ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി 2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാലിച്ചുകൊണ്ട് ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എല്ലാ വിഷയ മേഖലയിലും പൂർണ്ണവിവരങ്ങൾ ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എല്ലാ വിഷയ മേഖലയിലും പൂർണ്ണവിവരങ്ങൾ ചേർത്തിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.7.2018 to 23.7.2018 | 6/2018 | No.PAU1/38/06-2018 dt.23.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2009 to 24.11.2009 | 2004-05 to 2008-09 | LBA(HQ)VI/8A-1510/26 dt.24.12.2009<br>നം.LBZ(HQ)VI/8A-1510/89 dt.3.6.14 കത്ത് പ്രകാരം എല്ലാ പരാമർശങ്ങളും തീർപ്പാക്കി |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

*50* വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള അവിവാഹിത പെൻഷൻ സേവന സോഫ്റ്റ്‌വെയർ പ്രകാരം ഉള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ ചെലവ് തുക ₹.*1597300*യാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം ₹.*1171300* രൂപയാണ് ചെലവ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല.

ധനകാര്യം, അക്കൗണ്ടുകൾ, ഓഡിറ്റ്, നികുതികൾ, ബജറ്റ്, പൊതുഭരണം, നികുതിയുമായി ബന്ധപ്പെട്ട അപ്പീലുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. കേരളപഞ്ചായത്ത് രാജ് നിയമം 162 എ (1) ാം വകുപ്പ് പ്രകാരം ബജറ്റ് രൂപീകരണം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളിൽ പെടുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 ,ഓരോ ഗ്രാമപഞ്ചായത്തും മാർച്ച് മാസം 31 ാം തിയതിക്ക് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നു. ജി.ഒ.(ആർ.ടി)നം.3291/2016 തിയതി 2.12.2016 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ പുറപ്പെടുവിച്ചിട്ടുള്ളതാണ്. മാന്വലിന്റെ 2.2,2.3,2.4 എന്നീ ഖണ്ഡികകളിൽ പദ്ധതി-പദ്ധതിയേതര ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കൽ, കരട് ബജറ്റ് രൂപീകരണം എന്നിവ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കിയിട്ടുണ്ട്. ബജറ്റ് രൂപീകരണത്തിന്റെ സമയക്രമം ഖണ്ഡിക 2.5 ലും നിർദ്ദേശിച്ചിട്ടുണ്ട്.
2017-18 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കായി കൈമാറിയതായോ, ആയത് ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.

നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് സെക്രട്ടറി ഘടക സ്ഥാപന മേധാവികളുടെ യോഗം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വ ത്തിൽ വിളിക്കുകയും സ്ഥാപനങ്ങളുടെ പദ്ധതിയേതരചെലവുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ നല്കുവാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വേണം

2.നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഘടകസ്ഥാപനമേധാവികൾക്ക് ഒരു മാസത്തെ സമയം നൽകണം.

3.ഘടക സ്ഥാപന മേധാവികൾ അനുബന്ധം 1&2 ൽ പറഞ്ഞിരിക്കുന്ന ഫോർമാറ്റിൽ വരവ് ചെലവ് നിർദ്ദേശങ്ങൾ സമർപ്പിക്കണം.

4.ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ സെക്രട്ടറി അനുബന്ധം 3 &4 ൽ പറഞ്ഞിരിക്കുന്ന ഫോർമാററിൽ സമർപ്പിക്കണം

5.സെക്രട്ടറി മേൽ നിർദ്ദേശങ്ങൾ തരംതിരിച്ച് അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കൈമാറണം

6.സ്റ്റാന്റിംഗ് കമ്മിറ്റികൾ മേൽ നിർദ്ദേശങ്ങൾ അനുബന്ധം 5.1,5.2 എന്നീ ഫോർമാറ്റുകളിൽ ക്രോഡീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കൈമാറണം

7.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ പദ്ധതിയേതരനിർദ്ദേശങ്ങൾ തയ്യാറാക്കണം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് മാർച്ച് 1 ന് മുമ്പ് രൂപീകരിക്കണം. മാർച്ച് 7 ന് മുമ്പ് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഭരണസമിതിയുടെ പ്രത്യേകയോഗം വിളിക്കുകയും മാർച്ച് 31 ന് മുമ്പ് ബജറ്റ് അംഗീകരിക്കുകയും വേണം.എന്നാൽ അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തിയിട്ടില്ല.

പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

2017-18 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവ് ചെലവ് തുകകളുമായി ഭീമമായ തുകയുടെ അന്തരം നിലനിൽക്കുന്നുണ്ട്. വരും വർഷങ്ങളിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-2 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 200(2),207, 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27,28 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന

നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-3 സ്വകാര്യ ആശുപത്രികൾ, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ.

1.അംഗീകാരപത്രം ഇല്ലാതെ ആയുർവേദ ആരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നു.

സംസ്ഥാനത്തെ ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾക്ക് 1997ലെ കേരള പഞ്ചായത്ത് രാജ്(സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നല്കിയിട്ടുള്ള ലൈസൻസിനു പുറമെ 2007 ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട് സെക്ഷൻ 3 പ്രകാരം ഈ ആക്ടിലെ 6ം വകുപ്പ് പ്രകാരം നല്കപ്പെടുന്ന അംഗീകാരപത്രം കൂടി ലഭ്യമാക്കേണ്ടതാണെന്നും, ടി അംഗീകാരപത്രം ഇല്ലാതെ യാതൊരു ആയുർവേദ ആരോഗ്യകേന്ദ്രവും നടത്തുവാൻ പാടില്ല എന്നും നിഷ്കർഷിക്കുന്നു.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഹല്യ ആയുർവേദ കോളേജ് ടി അംഗീകാരപത്രം സമർപ്പിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 ന് അംഗീകാരപത്രം ലഭ്യമാക്കി ഹാജരാക്കുവാൻ അഹല്യ ആയുർവേദ കോളേജിന് നിർദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

2.പൊലൂഷൻ കൺട്രോൾ ബോർഡിന്റെ ആതറൈസേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഡെന്റൽ ക്ലിനിക്ക് പ്രവർത്തിക്കുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 08.05.2017 ലെ പിസിബിറ്റി411597(2) സർക്കുലർ പ്രകാരം ബയോമെഡിക്കൽ വേസ്റ്റ് കൈകാര്യം ചെയ്യുന്ന എല്ലാ യൂണിറ്റുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ കരസ്ഥമാക്കണമെന്നും ഡെന്റൽ ക്ലിനിക്കുകൾ ബയോമെഡിക്കൽ വേസ്റ്റുകൾ കൈകാര്യം ചെയ്യുന്നതിനാൽ അവയ്ക്കും ആതറൈസേഷൻ കരസ്ഥമാക്കണമെന്ന് നിഷ്കർഷിക്കുന്നു.

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്മൈൽ ക്ലിനിക്ക് എന്ന സ്ഥാപനം ടി ആതറൈസേഷൻ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/26.9.2018ന് സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെവിവരം അറിയിക്കേണ്ടതാണ്.

## 2-4 വാടക ബൈലോ അംഗീകാരം ലഭ്യമായിട്ടില്ല

എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംങ്ങ് കോംപ്ലക്സ് മുറികൾ വാടകക്ക് കൊടുക്കുന്നതു സംബന്ധിച്ച് നിലവിൽ ഒരു ബൈലോ സൂക്ഷിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ബൈലോയ്ക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ്

ആക്ടിന്റെ 256-ാം വകുപ്പ് പ്രകാരം നാളിതുവരെ ഭരണ സമിതിയുടെയും സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ മുറികൾ വാടകക്ക നൽകുന്നത് സംബന്ധിച്ച ബൈലോക്ക് അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.926.9.2018ന് വാടക ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 2-5 ഡി & ഒ ലൈസൻസ് -അപാകതകൾ

ഡി & ഒ ലൈസൻസ് -അപാകതകൾ

എലപ്പുള്ളി പഞ്ചായത്തിലെ ഡി & ഒ ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

എലപ്പുള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.സാംഖ്യാ അക്കൗണ്ട് പ്രകാരം ഡി & ഒ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾ എല്ലാം ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2.ഡി അന്റ് ഓ ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾക്കനുസൃതമായി ഫീസ്ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

31.10.2017 തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ്(അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടം 2017 പ്രകാരം അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതിക്ക മുമ്പ് ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് വ്യാപാരങ്ങൾക്ക് പരമാവധി ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കേണ്ടത്.

ടി ഭേദഗതികൾ 27/12/2017 ലെ സ്റ്റിയറിങ് കമ്മിറ്റിയിൽ ചർച്ച ചെയ്തതായി കാണുന്നു. പുതുക്കിയ ചട്ടം അനുസരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിനും ആയതനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും ഉറപ്പാക്കേണ്ടതാണ്.

3.ലൈവ് സ്റ്റോക്ക് ഫാം ലൈസൻസില്ലാതെ പൗൾട്രിഫാം പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ചട്ട പ്രകാരമുള്ള അപേക്ഷ ഫോമിലല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകിയിരിക്കുന്നു. സ.ഉ.നം.101/2012 ത.സ്വ.ഭ.വ., തീ.13/04/12 പ്രകാരം പ്രാബല്യത്തിൽ വന്ന 2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7(2)

ഫോറം നമ്പർ 3-ൽ ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ഉദാ:റോയൽ പൗൾട്രിഫാം

4.പട്ടി, പന്നി എന്നിവയ്ക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് റൂൾസ് 1998 ( license of dogs and pigs) റൂൾ 4(7)പ്രകാരം പട്ടി, പന്നി എന്നിവയ്ക്ക് ലൈസൻസ് നൽകുന്നതിനും അത് പുതുക്കി നൽകുന്നതിനും സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടി രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല.

## 2-6 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോം വില ഇനത്തിൽ 11.9.2018 വരെ ലഭ്യമായ ₹.90423/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, Elappully A/c. No. 37161899260) സൂക്ഷിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഇ-ടെണ്ടർ ഫോമുകളുടെ വിലയായി ലഭിച്ച തുക ₹.230315/- ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും 11.06.2018 നാണ് അസി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളത്. ഇതിൽ ₹.172315/- തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ബാലൻസ് തുക ₹.58000 ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി ഡിമാന്റ രജിസ്റ്റർ, സ്ഥാപനങ്ങളുടെ പത്രികകൾ എന്നിവയുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2017-18 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം | അർദ്ധ വർഷം |
|---|---|---|---|
| 1 | Chirakkal Steels | 3 | 2nd Half |
| 2 | Thenari Ksheerolpaadhaka sahakarana sangham | 4 | 2nd Half |
| 3 | GLPS. Ennappadam | 2 | 2nd Half |
| 4 | Supplyco Depo | 2 | 2nd Half |
| 5 | Ahalia Public School | 44 | 2nd Half |
| 6 | MAS MKE Polymers | 15 | 2nd Half |
| 7 | GTN Enterprises | 6 | 2nd Half |
| 8 | BSNL | 3 | 2nd Half |
| 9 | Oriental Metals | 22 | 2nd Half |

| | | | |
|---|---|---|---|
| 10 | Pump Operator | 1 | 2nd Half |
| 11 | ESS Plast, Nombikode | 3 | 2nd Half |
| 12 | Kooliyode Milk Society | 1 | 1st Half |
| 13 | Ahalia International Foundation | 6 | 1st Half |
| 14 | Silkmark Organisation | 6 | 1st Half |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | Exim Pipes | Ist & IInd |
| 2 | Mas Make Polymers | Ist & IInd |
| 3 | GTN Enterprises | IInd |
| 4 | BSNL | Ist & IInd |
| 5 | Sreeram Industries | Ist & IInd |
| 6 | Ennappadam Ksheerolpadhaka sahakarana sangham | Ist & IInd |
| 7 | Ahalia Health Care | Ist & IInd |
| 8 | Green Home Polymers | Ist & IInd |
| 9 | SAP Aggregate | Ist & IInd |
| 10 | Thenari Ksheerolpaadhaka sahakarana sangham | Ist & IInd |
| 11 | KSEB Elappully | Ist & IInd |
| 12 | MK Steels, Maniyeri | Ist & IInd |
| 13 | Supplyco Depo | Ist & IInd |
| 14 | KelKnit Garments | Ist & IInd |
| 15 | KSBC Ware house | Ist & IInd |

ഈ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3.കരാറുകാറിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്ത് പരിധിയിൽ 31 കരാറുകാർ പ്രവർത്തിക്കുന്നതായി കാണുന്നു.എന്നാൽ ഇവരിൽ നിന്നും ഇതുവരെയായും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. എല്ലാ കരാറുകാറിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടയ്ക്കുന്നുണ്ടെന്നും വരുമാന നഷ്ടം സംഭവിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്.

## 2-8 വസ്തു നികുതി കുടിശ്ശിക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. തെറ്റായ ഗണത്തിൽ പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു.

വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ കെട്ടിടങ്ങളുടെ തരം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിരിക്കുന്നതിനാൽ പഞ്ചായത്തിന് നികുതിനഷ്ടം ഉണ്ടാവുന്നു.

കൈത്തറി/കയർപിരി ഷെഡുകൾക്ക് ചതുരശ്ര മീറ്ററിന് 10 രൂപയും, ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവയ്ക്ക് 50 രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. തെറ്റായ തരം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടാവുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ വിവരം | |
|---|---|---|---|---|
| | | | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം |
| 1 | 20/370 | IND- TEX , Manufacturing Hosiery goods & Ready made garments | കൈത്തറി ഷെഡ് | 178ച.മീ |
| 2 | 20/371 | KelKnit Garments, Manufacturing Hosiery goods & Ready made garments | കൈത്തറി ഷെഡ് | 275.4 ച.മീ |
| 3 | 1/504 | Divya Saw mill | ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം | 170 ച.മീ |

2. പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടത്തിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട ഉടമയുടെ പേര് | നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (ച. മീറ്റർ) |
|---|---|---|---|---|---|
| 1 | 14/257 | Sreekrishna Rice mill | K.R.Devadas, Thenari | പാർപ്പിടം | 375 |
| 2 | 5/236 | Vennila Hotel | S.Balakrishnan | പാർപ്പിടം | 34 |
| 3 | 14/469 | Athulya Hollow bricks | Murukan, Thottakkara | പാർപ്പിടം | 28 |
| 4 | 5/290 | M.M. Traders (Rice & Cement Sales) | Raman | പാർപ്പിടം | 29 |
| 5 | 7/360 | Subber Smart wears. (Production & Sales of Readymade clothes) | Thankamma | പാർപ്പിടം | 24 |

| | | | | | |
|---|---|---|---|---|---|
| 6 | 8/561 | Kalliyath steel traders (Trading of Iron & Steel) | Ramesh | പാർപ്പിടം | 25 |
| 7 | 4/271 | Karshaka Mithra, Vengodi | Prabha Mani | പാർപ്പിടം | 31 |

സ്ഥല പരിശോധന നടത്തി വസ്തു നികുതി പുന:നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കേണ്ടതും പുന:നിർണ്ണയിച്ച നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-9 മൊബൈൽ ടവർ-വസ്തുനികുതി കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന കെട്ടിട നമ്പറുകളിൽ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. 2013-14 മുതലുള്ള കുടിശ്ശിക തുക സ്ഥാപനങ്ങൾ അടവാക്കിയിട്ടില്ല.

| ടവറിന്റെ പേര്. | കെട്ടിടനം | വസ്തു നികുതി കുടിശ്ശിക |
|---|---|---|
| Wireless TT | 5/757 | 35440/- |
| Tower Vision | 5/758 | 35440/- |
| Reliance | 5/775 | 37800/- |
| BSNL | 16/89 | 22880/- |
| | Total | 1,31,560/- |

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി നം. 10/ 26.09.2018 ന് മറുപടിയായി 5/757, 5/775, 16/89 എന്നീ നമ്പറുകളിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്നും 5/ 758 എന്ന കെട്ടിട നമ്പറിൽ സ്ഥിതി ചെയ്യുന്ന ടവർ വിഷൻ എന്ന ടവർ ഡിസ്മാന്റിൽ ചെയ്തതായും അറിയിച്ചിട്ടുണ്ട്.

എന്നാൽ ഡിസ്മാന്റിൽ ചെയ്തതായി അറിയിച്ച് കൊണ്ടുള്ള കത്ത് ഹാജരാക്കിയിരിക്കുന്നത് 13.10.2017 തിയതിയിലെതാണ്. ടി ടവർ ഇൻസ്റ്റാൾ ചെയ്തതിനു ശേഷം നികുതിയായി യാതൊരു തുകയും ഈടാക്കിയിട്ടില്ല. ഇൻസ്റ്റാൾ ചെയ്തതിനു ശേഷം ഡിസ്മാന്റിൽ ചെയ്തതായി അറിയിപ്പ് ലഭിച്ച തിയതി വരെയുള്ള നികുതി ഈടാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 243 പ്രകാരം കിട്ടാനുള്ള തുകകളുടെ കാലഹരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നു.സെക്ഷൻ 244(3) പ്രകാരം കിട്ടാനുള്ള തുക കാലഹരണപ്പെട്ടത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണെന്ന് കാണപ്പെട്ടാൽ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കേണ്ടതുമാണ്. മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് സ്പെഷ്യൽ

ഡ്രൈവ് നടത്തിയതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ

2016-17 ലെ സ്പിൽ ഓവർ പ്രോജക്റ്റുകളായി 2017-18-ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളായ സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (188/18) പദ്ധതി പ്രകാരം 21എണ്ണം 40 W സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾക്ക് 598500/- രൂപയും, സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (189/18) പദ്ധതി പ്രകാരം 13 ലൈറ്റുകൾക്ക് 386750/- രൂപയും, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

പദ്ധതി രേഖകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1. രണ്ടു പദ്ധതികളിലായി പഞ്ചായത്ത് പരിധിയിൽ എതെല്ലാം സ്ഥലങ്ങളിലാണ് സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് എന്ന് ആദ്യമേ തീരുമാനിച്ചതായി കാണുന്നില്ല.
2. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതികളുടെ ഫയലുകളിൽ മതിയായ രേഖകൾ ഇല്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, ഏതെല്ലാം വാർഡുകളിൽ എവിടെയെല്ലാമാണ് ലൈറ്റുകൾ സ്ഥാപിച്ചത് എന്നതിന് അതതു വാർഡുമെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഇല്ല.
3. സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ ആസ്തിയായി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്ററിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പ്രധാനമായും സ്ട്രീറ്റ്മെയിൻ ഇല്ലാത്ത സ്ഥലങ്ങളിലാണ് സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിന് ആദ്യം പരിഗണിക്കേണ്ടതും, പദ്ധതികൾ നടപ്പിലാക്കേണ്ടതും. അവ പഞ്ചായത്തിന്റെ ആസ്തിയായി സംരക്ഷിക്കേണ്ടതുമാണ്. സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ ലിസ്റ്റ് ഓഡിറ്റ് സമയത്ത് പഞ്ചായത്ത് ലഭ്യമാക്കിയതിൽ സ്ട്രീറ്റ്മെയിൻ ഉള്ള സ്ഥലങ്ങളിലാണ് സോളാർ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതായി കാണുന്നത്.

രണ്ടു പദ്ധതികൾ പ്രകാരവുമുള്ള എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾക്ക് ഒരെണ്ണത്തിന് 28500/- 29750/- രൂപ ക്രമത്തിൽ വരുന്നുണ്ട് . ബാറ്ററിക്ക് 4 വർഷത്തെയും, ലൈറ്റിന് 3 വർഷത്തെയും വാറണ്ടിയാണുള്ളത്. സ്ട്രീറ്റ്മെയിൻ ഉള്ള സ്ഥലങ്ങളിൽ വൈദ്യുതി ചാർജ്ജ് കുറവ് വരുന്ന എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ് .

2. സോളാർ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ അംഗീകരിക്കുമ്പോൾ ഗുണ നിലവാരം ഉറപ്പുവരുത്തി നിശ്ചിത വാറണ്ടി കാലാവധി മുഴുവനും തൃപ്തികരമായ തുടർ സേവനം ലഭ്യമാവും എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ഓഡിറ്റ് അന്വേഷണം(നം. 20/26.9.2018) നൽകിയതിനുള്ള മറുപടിയിൽ ആകെ സ്ഥാപിച്ചിട്ടുള്ള 34 വിളക്കുകളിൽ നിലവിൽ 4 എണ്ണം പ്രവ്വത്തിക്കുന്നില്ല എന്നും ആയതിന് കെ.എസ്.ഐ.ഇ എന്ന സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി.
   തെരുവ് വിളക്കുകളുടെ പരിപാലനം പഞ്ചായത്തിന്റെ സേവന മേഖലയിൽ വരുന്ന പ്രവൃത്തനമായതിനാൽ കുറഞ്ഞ ചെലവിൽ പരമാവധി സേവനം ലഭ്യമാവുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യക പരിഗണന നൽകേണ്ടതുണ്ട്.

3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ 08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി പ്രകാരം വാർഷിക സമാഹരണ പദ്ധതിക്കനുസൃതമായി വാങ്ങലുകൾ നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒറ്റ പ്രൊജക്ടായി നടപ്പിലാക്കിയിട്ടില്ല.

## 3-2 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന 4 കുടിവെള്ള പദ്ധതികളുണ്ട്. ഈശാനിക്കോട്, പട്ടച്ചൻകാവ്, പ്ലാസംപതി, തേനാരി എന്നിവ. ആയവയിൽ പൊതുടാപ്പുകൾ 99, ഗാർഹിക കണക്ഷനുകൾ 539, ഗാർഹികേതര കണക്ഷനുകൾ 2, എന്നിവയാണ്.

വാർഷിക കണക്കുകൾ പ്രകാരം 2017-18 വർഷം കുടിവെള്ള പദ്ധതികളിൽ നിന്നുള്ള വരവ് താഴെ കൊടുക്കുന്നു.

| | |
|---|---|
| വെള്ളക്കരം തൻ വർഷത്തെ വരവ് | 169191/- |
| കുടിശ്ശിക വരവ് | 216630/- |
| വാട്ടർ കണക്ഷൻ ചാർജ്ജ് | 100000/- |
| ആകെ | 485821/- |

ആകെ 363212/- രൂപ കുടിവെള്ളകരം കുടിശ്ശിക പിരിച്ചെടുക്കുവാനുണ്ട്.

2017-18 വർഷം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി വൈദ്യുതി ചാർജ്, വേതനം, റിപ്പയർ ചാർജ്ജ് ഇനങ്ങളിൽ ചെലവിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വൈദ്യുതി ചാർജ്ജ് | 349346 |
| പമ്പ് ഓപ്പറേറ്ററുടെ വേതനം | 219000 |
| അറ്റകുറ്റപണികൾക്കായുള്ള ചെലവ് | 694451 |
| ആകെ | 1262797 |

കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ ചെലവും വരവും തമ്മിൽ 776976/- രൂപയുടെ അന്തരമുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ വെള്ളക്കരത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലഘട്ടത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനും അധികബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

3. സർക്കാർ ഉത്തരവ് (സാ.)നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

4. ഗാർഹിക കുടിവെള്ള കണക്ഷൻ പരമാവധി പേർക്ക് ലഭ്യമാക്കി പൊതുടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ആയതിനാൽ പഞ്ചായത്തിന്റെ ബാധ്യതയായി മാറിയിരിയ്ക്കുന്ന കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് . മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുള്ളതാണെങ്കിലും നാളിതുവരെയായും നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-3 ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗം, പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ പരിശോനയ്ക്ക് ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് തുക നൽകിയതിന്റെ പൂർത്തീകരണ രേഖകൾ/തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 191/18 | സമ്പൂർണ്ണ വൈദ്യുതീകരണം | 1/24.6.17 | 500000 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി |
| 300/18 | സ്ട്രീറ്റ് മെയിൻ നീട്ടൽ | 24/6.1.18 | 1360600 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി |
| | | 34/22.2.2018 | 67420 | |
| 307/18 | സ്ട്രീറ്റ് ലൈറ്റുകൾക്ക് ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ | 19/6.1.18 | 539000 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുകനൽകുമ്പോൾ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഏജൻസിയുമായി ഉടമ്പടി വയ്ക്കേണ്ടതും, ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്

## 3-4 ഫർണിച്ചറുകൾ നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ല

സെക്രട്ടറി നിർവ്വഹണം ചെയ്ത " സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ (184/2018)" പദ്ധതി പ്രകാരം 826172/- രൂപ (MG NR) ചെലവഴിച്ച് താഴെ പറയുന്ന ഫർണിച്ചറുകൾ KADCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

STEEL WOODEN DESK(180x40x75) - 90

BENCH(180x30x450) - 90

HW SD TABLE (90x60x75) - 09

HW TYPIST CHAIR(FATTENED SEAT AND BACK) - 10

ഫർണിച്ചറുകൾ സ്കൂളിലെ പ്രധാന അദ്ധ്യാപകൻ കൈപ്പറ്റി, സ്കൂളിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭിച്ച ഫർണിച്ചറുകളിൽ നമ്പറിട്ട് സ്റ്റോക്കിലെടുത്തിട്ടില്ലാത്തതിനാൽ സ്കൂളിൽ നേരിട്ട് ചെന്ന് പരിശോധന നടത്തിയതിൽ ഫർണിച്ചറുകൾ ലഭ്യമായതിന്റെ കൃത്യത ഉറപ്പുവരുത്താനായില്ല. ഫർണിച്ചറുകളിൽ നമ്പറിട്ട് സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

പുതിയ ബഞ്ച്, ഡെസ്ക്ക് എന്നിവ ലഭ്യമായപ്പോൾ മാറ്റിയിട്ട പഴയ ബഞ്ച്, ഡെസ്ക്ക് എന്നിവ സ്കൂളിലെ ഒരു ക്ലാസ്സ് മുറി നിറയെ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നുണ്ട്. ആയവയിൽ ഉപയോഗിക്കാവുന്നവ സ്കൂളുകളിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ഉഴവുകൂലി വിതരണം ബ്ലോക്ക് ഷെയർ വിനിയോഗിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്റ്റ് നം. 104/18

നിർവഹണം-കൃഷി ഓഫീസർ

ഉഴവുകൂലിപദ്ധതി നടപ്പിലാക്കുന്നതിനായി വികസനഫണ്ടിൽ നിന്നും 4464834 രൂപ പിൻവലിച്ചിട്ടുണ്ട്. 13 ബില്ലുകളിലായാണ് തുക പിൻവലിച്ചിട്ടുള്ളത്.

വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽനം./തീയതി | തുക |
|---|---|
| 2/16.1.18 | 288349 |
| 3/16.1.18 | 228965 |
| 4/16.1.18 | 341931 |
| 5/16.1.18 | 282728 |
| 6/16.1.18 | 237220 |
| 7/16.1.18 | 221284 |
| 8/20.2.18 | 164854 |
| 9/20.2.18 | 188750 |
| 10/20.2.18 | 353793 |
| 11/20.2.18 | 338819 |
| 12/20.2.18 | 826057 |
| 13/20.2.18 | 509751 |
| 14/20.2.18 | 482333 |

പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്ന രീതിയിലാണ് തുക വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക അനുവദിക്കുന്നതിനായി ഗുണഭോക്താക്കളുടെ അക്കൗണ്ട് നം. രേഖപ്പെടുത്തിയ ലിസ്റ്റിൽ ട്രഷറിയിൽ നിന്നും ഒപ്പു വാങ്ങി സൂക്ഷിക്കുന്നില്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ലിസ്റ്റ് തന്നെയാണ് ട്രഷറിയിലും നൽകിയിട്ടുള്ളത് എന്ന് ഉറപ്പുവരുത്തുന്നതിന് കഴിയുന്നില്ല.. ഈ അപാകത പരിഹരിക്കുന്നതിനായി ട്രഷറിയിലേക്കുനൽകുന്ന ലിസ്റ്റിന്റെ കോപ്പിയിൽ ട്രഷറി ഓഫീസറുടെ ഒപ്പു വാങ്ങി സൂക്ഷിക്കുന്നത്

ഉചിതമായിരിക്കും. 2120 പേരുടെ ബൃഹത്തായ ലിസ്റ്റാണ് ട്രഷറിയിലേക്ക് അനുവദിക്കുന്നത്. എല്ലാ ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് തുക ക്രഡിറ്റായിട്ടുണ്ടെന്ന് നിർവഹണോദ്യോഗസ്ഥൻ യഥാസമയംതന്നെ ഉറപ്പുവരുത്തേണ്ടതാണ്. തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സമൃദ്ധി പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2308100 രൂപ 20.3.2018 തീയതിയിൽ ട്രഷറി ചെക്ക് നം. 1597465/20.3.18 പ്രകാരം ലഭ്യമായിട്ടുണ്ട്. തുക ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. ട്രഷറി പാസ് ബുക്ക് 27.3.18 തീയതി വരെ മാത്രമാണ് അപ്ഡേറ്റ് ചെയ്തിട്ടുള്ളത്. ആയതു പ്രകാരം പ്രൊഡക്ഷൻ ബോണസ് ഇനത്തിൽ ലഭ്യമായ 1934043 രൂപ മാത്രമാണ് അക്കൗണ്ടിൽ ക്രെഡിറ്റായിട്ടുള്ളത്.

പാസ്ബുക്ക് അപ്ഡേറ്റ് ചെയ്ത് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ബ്ലോക്ക് വിഹിതമായി ലഭിച്ച തുക 5ലക്ഷത്തിൽ താഴെയുള്ള 5 ചെക്കുകളായി ട്രഷറിയിൽ സമർപ്പിച്ച് തുക കർഷകരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതായി നിർവഹണോദ്യോഗസ്ഥന്റെ മറുപടിയിൽ അവകാശപ്പെട്ടെങ്കിലും പാസ്ബുക്ക് അപ്ഡേറ്റ് ചെയ്ത് ഹാജരാക്കുകയോ 5 തവണയായി തുക അനുവദിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ട്രഷറിപാസ് ബുക്ക് കാലികമാക്കിയിട്ടില്ലാത്തതിനാൽ കർഷകർക്ക് തുക അനുവദിക്കുവാൻ അവശേഷിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണെന്ന് പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

## 3-6 പ്രൊഡക്ഷൻ ബോണസിനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നിർവഹണം-കൃഷി ഓഫീസർ

സ്റ്റാൻഡിംഗ് കമ്മറ്റി-വികസനകാര്യം

2016-17 വർഷത്തിൽ ഒന്നും രണ്ടും സീസണിൽ നെൽകൃഷിചെയ്ത 17 പാടശേഖരസമിതികളിലെയും കർഷകർക്ക് ഉൽപാദനബോണസ് അനുവദിക്കുന്നതിനായി സെക്രട്ടറിയുടെ ട്രഷറി ബിൽനം.39/27.3.18 പ്രകാരം 1934043 രൂപ പിൻവലിച്ച് കൃഷിഓഫീസറുടെ ട്രഷറി അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുണ്ട്. 27.3.18 തീയതിയിൽ 1934043 രൂപ പാസ് ബുക്കിൽ വരവ് വന്നിട്ടുണ്ടെങ്കിലും ഇതിൽനിന്നും യാതൊരു തുകയും കർഷകർക്ക് അനുവദിച്ചിട്ടില്ല. കാഷ്ബുക്കിലും ഈ തുകയുടെ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. തുക കർഷകർക്ക് വിതരണം ചെയ്യാത്തതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (നം.22/26.9.2018) നൽകിയതിന് നിർവഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ട്രഷറി വഴി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ടുള്ള ഗുണഭോക്താക്കൾക്ക് മാത്രമാണ് തുക അനുവദിക്കാൻ കഴിയുന്നതെന്നും സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ അക്കൗണ്ടുള്ള ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നം മാറ്റി വാങ്ങിക്കേണ്ടിവന്നുവെന്നും ആയതിനാലാണ് താമസം ഉണ്ടായതെന്നും അറിയിച്ചിരിക്കുന്നു. തുക കർഷകരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന വിധത്തിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്. തുക അടിയന്തിരമായി കർഷകർക്ക് വിതരണം ചെയ്ത് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക കർഷകർക്ക് യഥാവിധി നൽകുന്നുണ്ടെന്ന് സ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 നെൽവിത്തുവിതരണ പദ്ധതി -നെൽവിത്ത് കർഷകർക്ക് നൽകിയതിന്റെ രേഖകൾ ഇല്ല

വർക്കിംഗ് ഗ്രൂപ്പ്-കൃഷി, അനുബന്ധ മേഖലകൾ

പ്രൊജക്ട് നം. 106/18-സമഗ്രനെൽകൃഷിവികസനപദ്ധതി

ഈ പദ്ധതിപ്രകാരം നെൽവിത്ത് വാങ്ങുന്നതിനായി ബിൽ നം. 1/28.9.17 പ്രകാരം 583800 രൂപ വികസനഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. 50% ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കെ എസ് എസ് ഡി എയിൽനിന്നും 1167600 രൂപക്ക് 29190 കി.ഗ്രാം ഉമ നെൽവിത്ത് വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

ഇൻവോയ്സ് നം.1056/25.9.17, തുക-48000 (1200 കി.ഗ്രാം)

ഇൻവോയ്സ് നം.366/7.6.17, തുക-1119600 (27990 കി.ഗ്രാം)

വാങ്ങിയ നെൽവിത്ത് 17 പാടശേഖരങ്ങളിലെ കൺവീനർമാർക്ക് അനുവദിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കർഷകർക്ക് യഥാസമയം വിത്ത് വിതരണം നടത്തുന്നതിൽ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കർഷകർ നെൽവിത്ത് കൈപ്പറ്റിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. മോണിട്ടറിംഗ്കമ്മറ്റി പദ്ധതിനിർവഹണഘട്ടത്തിൽ യാതൊരു ഇടപെടലും നടത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിലോ ഫയലിലോ കാണുന്നില്ല. പദ്ധതിയുടെ മോണിട്ടറിംഗ് ശരിയാംവണ്ണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. നെൽവിത്ത് കർഷകർക്ക് ലഭ്യമായിട്ടുണ്ടെന്ന് സ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ബിൽനം. 3/27.3.17

വർക്കിംഗ് ഗ്രൂപ്പ്-മൃഗസംരക്ഷണം, ക്ഷീരവികസനം

2017-18 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (പ്രൊജക്ട് നം.174/18) പ്രകാരം വികസന ഫണ്ടിൽ നിന്നും 937500 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കാഫ് ഫീഡിന് (അക്കൗണ്ട് നം.71402140000008) നൽകിയിട്ടുണ്ട്. 150 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ആവശ്യമായ തുകയാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃലിസ്റ്റ് പ്രകാരമുള്ള 150കന്നുകുട്ടികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം എത്ര രൂപയുടെ തീറ്റ നാളിതുവരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 26/27.9.2018) മുഖേന ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി പൂർത്തീകരിച്ചതിനുശേഷം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-9 ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

പ്രൊജക്റ്റ് നം- എസ്.ഒ.137/18 -ക്ഷീര കർഷകർക്ക് ഉൽപാദനബോണസ്

അടങ്കൽ - 1410371 (വികസന ഫണ്ട് ജനറൽ-600000, മറ്റുള്ളവ-810371)

ചെലവ് - 1410371

(വികസന ഫണ്ട്-600000/-ബിൽ നം.2/31..3.18, ജില്ലാപഞ്ചായത്ത് ഷെയർ-500000, ബ്ലോക്ക് പഞ്ചായത്ത് ഷെയർ-310371)

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

കൃഷി മുഖ്യവരുമാനമാർഗമായിട്ടുള്ള പഞ്ചായത്താണ് എലപ്പുള്ളി ഗ്രാമപഞ്ചായത്ത്. 12 ക്ഷീരസംഘങ്ങളിലായി പാലൊഴിക്കുന്ന ക്ഷീരകർഷകർക്ക് ഇൻസെന്റീവ് എന്ന രീതിയിൽ തുക അനുവദിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 680 ഗുണഭോക്താക്കളാണ് ഓഡിറ്റ് വർഷത്തിൽ ക്ഷീരസംഘങ്ങളിൽ പാലൊഴിച്ചിട്ടുള്ളത്. 13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി അടക്കം പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. ക്ഷീരോൽപാദനം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടിയാണ് ബോണസ് എന്ന രീതിയിൽ സർക്കാർ സബ്സിഡിമാർഗരേഖയിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം ഏപ്രിൽ മുതൽ ജൂൺമാസം വരെ മാത്രമാണ് തുക അനുവദിച്ചിട്ടുള്ളത്. അർഹമായതിലും കുറഞ്ഞ നിരക്കിലാണ് കർഷകർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്താക്കളുടെ എണ്ണം-680

| മാസം | സംഘത്തിന് നൽകിയ പാൽ അളവ് | ഇൻസെന്റീവ് നിരക്ക് | തുക |
|---|---|---|---|
| ഏപ്രിൽ | 161082 | 3 | 483246 |
| മെയ് | 188876(24 days) | 2.9209 | 427126 |
| | 38268 | 2 | 76536 |
| ജൂൺ | 211732 | 2 | 423464 |

ഡിപ്പാർട്ട്മെന്റ് മുഖേന പാലുൽപാദനത്തിന് തുക അനുവദിച്ചിട്ടുണ്ടെങ്കിൽ ഏതെല്ലാം മാസങ്ങളിൽ നൽകിയെന്നും ആയതിന്റെ നിരക്കും വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/28.9.18) ലഭ്യമാക്കിയ മറുപടിയിൽ നിർബന്ധിത വകയിരുത്തലുകൾക്കുശേഷം ലഭ്യമായിട്ടുള്ള തുകയാണ് ആനുപാതികമായി ക്ഷീരോൽപാദകകർക്കു മിൽക്ക് ഇൻസെന്റീവ് നൽകുവാൻ അനുവദിച്ചിട്ടുള്ളത്. ആയത് വർഷം മുഴുവൻ വർഷത്തേക്ക് സബ്സിഡി നൽകുന്നതിന് മതിയാകുന്നില്ലായിരുന്നു എന്ന് വ്യക്തമാക്കിയിരിക്കുന്നു.

<u>അപാകതകൾ</u>

- ജൂലൈ മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള തുക കർഷകർക്ക് അനുവദിച്ചിട്ടില്ല.
- പദ്ധതി മാർഗരേഖ പ്രകാരം ക്ഷീര കർഷകർക്ക് പാലുൽപാദനത്തിന് ഇൻസെന്റീവ് നൽകുന്നതിന് ആവശ്യമായ മുഴുവൻ തുകയും പദ്ധതിയിൽ വകയിരുത്തിയിട്ടില്ല.
- പദ്ധതി മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

കർഷകർക്ക് അർഹമായ തുക പ്രൊജക്ടിൽ വകയിരുത്തി നൽകുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വീട് വാസയോഗ്യമാക്കൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- വി.ഇ.ഒ

പ്രൊജക്ട് നം. 182/18

അടങ്കൽ-3450000 (വികസനഫണ്ട്-എസ് സി പി)

ചെലവ്- 2646000

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പദ്ധതിക്കായി ഒരു വീടിന് 150000 രൂപ യൂണിറ്റ് കണക്കാക്കി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗുണഭോക്താവ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് എൽ എസ് ജി ഡി അസി.എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തിയാണ് ആദ്യഗഡു ധനസഹായം അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതിക്കായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം ആകെ 2646000 രൂപ വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ബിൽനം. | തുക |
|---|---:|
| 1/16.1.18 | 750000 |
| 3/29.1.18 | 375000 |
| 5/28.2.18 | 150000 |
| 7/7.3.18 | 341000 |
| 8/24.3.18 | 450000 |
| 9/31.3.18 | 580000 |

പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 19 ഗുണഭോക്താക്കളാണ് എഗ്രിമെന്റ് ചമച്ച് ആദ്യഗഡുതുക കൈപ്പറ്റിയിട്ടുള്ളത്. ആദ്യഗഡുതുകയായ 75000രൂപ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ 2 ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവർത്തി നാളിതുവരെയും പൂർത്തീകരിച്ച് അസി.എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ രണ്ടാംഗഡു തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | അക്കൗണ്ട് നം. | ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|
| 1 | ദേവകി നാരായണൻ<br>പട്ടച്ചൻകാവ്<br>എലപ്പുള്ളി | 75000 | 002205300008556 സൗത്ത് ഇൻഡ്യൻ ബാങ്ക് | 22.3.18 |
| 2 | ദേവു ചാമി<br>മുതിരംപള്ളം<br>എലപ്പുള്ളി | 75000 | 002205300008590 സൗത്ത് ഇൻഡ്യൻ ബാങ്ക് | 22.3.18 |

പദ്ധതി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/27.9.2018) ലഭ്യമാക്കിയ മറുപടി പ്രകാരം മഴക്കെടുതി മൂലവും സാമ്പത്തികബുദ്ധിമുട്ട് കാരണവും പണികൾ തുടങ്ങാൻ വൈകിയതായും എത്രയും പെട്ടെന്ന് പണിപൂർത്തിയാക്കി രണ്ടാം ഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമ്യക്തമാക്കിയിട്ടുണ്ട്. മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനം വാസയോഗ്യമാക്കൽ പ്രവർത്തി ചെയ്യാത്തപക്ഷം മുൻകൂറായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മോണിട്ടറിംഗ് കമ്മറ്റി മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

# 3-11 ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ പിരിച്ച തുകകൾ ഒടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2017-18 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും കുറവു ചെയ്തിട്ടുള്ള ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അതാതു വകുപ്പുകളിലേക്ക് ഒടുക്കാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ട് നം.799011400001600 ൽ സൂക്ഷിച്ചിരിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തി മൂല്യം | ആദായ നികുതി 1% | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം 1% |
|---|---|---|---|---|
| 1 | ചില്ല പാളയം കല്ലേങ്കാട് DWSS | 140000 | 1400 | 1400 |
| 2 | തേനാരി അംഗൻവാടി നിർമ്മാണം | 688000 | 6880 | 6880 |

| | | | | |
|---|---|---|---|---|
| 3 | പഞ്ചായത്ത് ഓഫീസ് കെട്ടിടം വാട്ടർടാങ്ക്, പൈപ്പ്ലൈൻ വർക്കുകൾ | 180520 | 1805 | 1805 |
| 4 | വെന്തപാളയം DWSS | 75000 | 750 | 750 |
| 5 | കറുകപ്പാടം റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 6 | കിഴക്കേ കുന്നുകാട് റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 7 | ഏറാച്ചേരി പള്ളി നോർത്ത് പോക്കറ്റ് റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 8 | പാലച്ചിറ എസ്.സി.കോളനി റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 9 | തോട്ടുംപുള്ളി റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 10 | കല്ലേങ്കാട്റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 11 | ചെറുനെല്ലിക്കുളം DWSS | 299842 | 2998 | 2998 |
| 12 | മണ്ണുകാട് എസ്.സി.കോളനി റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 13 | മൂച്ചിതൊടിക റോഡ് കോൺക്രീറ്റ് | 300000 | 3000 | 3000 |
| 14 | കള്ളിമുള്ളി വടക്കോട് DWSS | 49435 | 494 | 494 |
| 15 | മോഡൻകോട്DWSS | 110228 | 1102 | 1102 |
| ആകെ | | | 39429 | 39429 |

തുകകൾ അതാതു വകുപ്പുകളിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | SO.182/17 – രാമശ്ശേരി കുടിവെള്ള പദ്ധതി<br>അടങ്കൽ - 300000/-<br>പി.എ.സി. – ₹. 292121/-<br>കരാറുകാരൻ - ശ്രീ.ഷഫീക്ക്.എൻ.എം.<br>എം.ബുക്ക് നം. - 223/15<br>ബിൽ നം. 31/30.6.17 | 4.1.17 | 25.1.17 | 15.2.17<br>നം. 123/AE /LSGD/ELPY /16-17 | 2921 |
| 2 | SO.203/17- പണ്ടാരക്കാവ് എസ്.സി.കോളനിയിൽ അഴുക്കുചാലിന് സ്ലാബ്<br>അടങ്കൽ - ₹. 300000/-പി.എ.സി. - ₹.299887/-<br>കരാറുകാരൻ - ശ്രീ.റെജിൽ.സി.<br>എം.ബുക്ക് നം. - 355/16-17<br>ബിൽ നം. 49/20.9.17 | 4.1.17 | 25.1.17 | 13.2.17<br>നം.122 | 2999 |
| | | | | | 5920 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹. 5920/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 30/28.9.17)

## 3-13 ടാർ വാങ്ങുന്നതിനായി പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്

2017-18 വർഷം നടപ്പിലാക്കിയ 44 പ്രവൃത്തികൾക്ക് ടാർ വാങ്ങുന്നതിനായി വകയിരുത്തിയ ₹.4563314 പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിക്കുകയും സെക്രട്ടറി മുഖാന്തിരം സിഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ ₹.4176823/- യുടെ ടാർ സിഡ്കോയിൽ നിന്നും ലഭ്യമാവുകയും ബാക്കി തുക ₹.386491/- സിഡ്കോ തിരിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ടി തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ ട്രഷറി TSB A/c. No. 799011400001600-ൽ സൂക്ഷിച്ചിരിക്കുന്നു. പ്രവൃത്തികൾ

പൂർത്തിയാകുന്ന മുറയ്ക്ക് ബാലൻസ് തുക സർക്കാരിലേക്ക് തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/21.9.2018ന് പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തുക സർക്കാരിലേക്ക് തിരിച്ചടവാക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-14 ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്

ജലസംരക്ഷണം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെട്ട വിഷയമാണ്. കൂടാതെ പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017പ്രകാരം വികസന മേഖലകൾക്കുള്ള നിർദ്ദേശങ്ങളിലും ജല വിതരണത്തേക്കാൾ ജലസംരക്ഷണ പ്രൊജക്ടുകൾക്ക് ഊന്നൽ നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രൂക്ഷമായ ജലക്ഷാമം നേരിടുന്ന എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് പരിശോധിച്ചതിന്റെ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 184 പദ്ധതികളിൽ 47 പദ്ധതികൾ പുതിയതും നിലവിലുള്ളതുമായ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം, തുടർ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടാണ്. ഗ്രാമപഞ്ചായത്ത് നേരിട്ടു നടത്തുന്ന കുടിവെള്ള പദ്ധതികൾ തേനാരി, പട്ടച്ചൻകാവ്, ഈശാനിക്കോട്, പ്ലാസംപതി എന്നിവയാണ്. 2017-18 വർഷത്തിൽ 17 കുടിവെള്ള പദ്ധതികൾ നിർമ്മാണം പൂർത്തീകരിച്ചതുൾപ്പെടെ 91 കുടിവെള്ള പദ്ധതികളാണ് ഓഡിറ്റ് കാലയളവിൽ നിലവിലുള്ളത്. ഇതിൽ 89 പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ടാങ്കർ ലോറിയിലും കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. കുടിവെള്ള പദ്ധതികൾക്കു വേണ്ടി നിർമ്മിക്കുന്ന കുഴൽ കിണറുകളിൽ നിന്നും വെള്ളം ലഭിക്കാത്തതിനാൽ രണ്ടും മൂന്നും കുഴൽ കിണറുകൾ കുഴിക്കേണ്ട അവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

2017-18 -ൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരം താഴെ കൊടുക്കുന്നു.

| ജലസ്രോതസ്സ് | എണ്ണം |
|---|---|
| സ്വകാര്യ കുളം | 10 |
| പൊതു കിണർ | 50 |
| സ്വകാര്യകിണർ | 5 |
| കുഴൽ കിണർ | 10 |
| തോടുകൾ | 1469 |

സ്വകാര്യ കിണർ/കുഴൽകിണറുകളുടെ എണ്ണത്തെ സംബന്ധിച്ച കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഉള്ള 50 പൊതുകിണറുകളിൽ 10എണ്ണം ഉപയോഗയോഗ്യമല്ലാത്തതാണ്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ഇത്തരം പദ്ധതികൾ വളരെ ചെറിയ ശതമാനം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നു കണ്ടെത്തി. പഴയ കിണറുകൾ ചെളിയെടുത്ത് റീചാർജ് ചെയ്യുക, പുതിയ കിണറുകൾ, കൊക്കറണികൾ നിർമ്മിക്കുക എന്നീ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്നിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കിണർ -1, ജലാശയം -5എന്നിവ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്.

6.12.2017ലെ വിവരാവകാശത്തിനു (കത്ത് നം.എ11-13737/17) നൽകിയ മറുപടിയിൽ 2005 മുതൽ 2017 വരെയുള്ള കാലയളവിൽ പദ്ധതി ഫണ്ട് ഉപയോഗിച്ച് മഴവെള്ള സംഭരണികൾ ഒന്നും നിർമ്മിച്ചിട്ടില്ല

എന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ജലവിതരണത്തെക്കാൾ ജല സംരക്ഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ കിണർ റീചാർജ്ജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.
- കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.
- മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.
- സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.
- അമിത ജല ഉപയോഗം വേണ്ടി വരുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാതിരിക്കുക.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 218 | 184 | 84% |
| 70757218 | 42156936 | 59.58% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 84% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 59.58 % തുകയെ ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 4040183 | 2948473 | 72.98% |
| വികസന ഫണ്ട് (എസ്.സി.പി) | 9856554 | 7614680 | 77.25% |

| | | | |
|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 15198599 | 9138963 | 60.13% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 119549 | 0 | 0.00% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 21831409 | 12510104 | 57.30% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8674000 | 5078545 | 58.55% |
| തനതു ഫണ്ട് | 11036924 | 4866171 | 44.09% |
| ആകെ | 70757218 | 42156936 | 59.58% |

- തയ്യാറാക്കിയ 218 പ്രവർത്തികളിൽ 101 പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്.ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.
- കൂടാതെ 55 പ്രവൃത്തികൾ കുടിവെള്ള പദ്ധതികൾക്കുള്ള പ്രൊജക്ടുകളാണ്. ജലവിതരണ പദ്ധതികൾക്കൊപ്പം ജലസംരക്ഷണ പദ്ധതികൾക്ക് മുൻഗണന നൽകാത്തത് മൂലം കൂടുതൽ കുടിവെള്ള പദ്ധതികൾ എല്ലാ വർഷവും നടപ്പിലാക്കേണ്ട സ്ഥിതിവിശേഷം ഉണ്ടാകുന്നു.
- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

രേഖകളുടെ പരിശോധനയിൽ ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് വേണ്ടി ആവിഷ്കരിച്ച താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം.2 -എലപ്പുള്ളി ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ്
- പ്രൊജക്ട് നം. 72- പള്ളത്തേരി അംഗൻവാടി ട്രസ്സ് വർക്ക്
- പ്രൊജക്ട് നം. 74-കുന്നംപാറ അംഗൻവാടി ട്രസ്സ് വർക്ക്
- പ്രൊജക്ട് നം. 76-കൈതക്കുഴി അംഗൻവാടി മെയിന്റനൻസ്
- പ്രൊജക്ട് നം. 82-അംഗൻവാടികൾക്ക് വൈറ്റ്വാഷിംഗ്
- പ്രൊജക്ട് നം. 86-തേനാരി പേട്ട ഹെൽത്ത് സെന്റർ വയറിംഗ്
- പ്രൊജക്ട് നം. 93-വേങ്ങോടി എൽ.പി.സ്കൂൾ സ്റ്റേജ് മേൽക്കൂര നിർമ്മാണം
- പ്രൊജക്ട് നം. 100-വേങ്ങോടി സ്കൂളിന് ടോയ്ലറ്റ്

- പ്രൊജക്റ്റ് നം. 293-കാരാങ്കോട് അംഗൻവാടി കോമ്പൗണ്ട് വാൾ പൂർത്തീകരണം, ട്രസ്സ് വർക്ക്

  പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തി നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2017-18 വർഷം പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 27.217ന് ഒരു യോഗവും 24.4.17ന് വികസന സെമിനാറിനു വേണ്ടി ഒരു യോഗവും ആണ് ചേർന്നിട്ടുള്ളത്. യോഗം ചേർന്നതിൽ തീരുമാനങ്ങൾ രേഖപ്പെടുത്തി യിട്ടില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്സിൽ മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനം വിലയിരുത്തിയതായോ പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നിരീക്ഷിച്ചതായോ കാണുന്നില്ല.

- ആസ്തി രജിസ്റ്ററിൽ 2012 വർഷം വരെയുള്ള വിവരങ്ങൾ ആണ് ചേർത്തിട്ടുള്ളത് . ശേഷിക്കുന്ന വർഷങ്ങളിലേത് സചിത്ര സോഫ്റ്റ്‌വെയറിൽ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-16 ഷീ പാഡ് പദ്ധതി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം. 278/2018

അടങ്കൽ-575727 (വികസന ഫണ്ട്)

ബിൽ നം.7/27.1.18, തുക-287863

നിർവഹണോദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് എലപ്പുള്ളി

പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലെ യു.പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പെൺകുട്ടികളെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി സാനിറ്ററി നാപ്കിൻ, ഇൻസിനറേറ്റർ, അലമാര എന്നിവ വാങ്ങുന്നതിന് വികസനഫണ്ടിൽ ഉൾക്കൊള്ളിച്ചുകൊണ്ട് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ബിൽ പ്രകാരം 287863രൂപ പിൻവലിച്ച് കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ 35810483408 നമ്പറിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനുമായി എഗ്രിമെന്റ് ചമക്കാതെയാണ് തുക നൽകിയിട്ടുള്ളത്. എഗ്രിമെന്റ് ചമക്കാത്തതിനാൽ വിപണിവിലയിലെ മാറ്റത്തിനനുസരിച്ച് വിലവ്യത്യാസം ഉണ്ടാകുന്നത് സാമ്പത്തികനഷ്ടത്തിന് കാരണമായേക്കാം. വനിതാ വികസന കോർപ്പറേഷന്റെ നം. KSWDC/P5/SHE-pad/LSGD/PLKD/2016-17 Dtd.9.4.18 യൂട്ടിലൈസേഷൻ പ്രകാരം ആകെ 255354 രൂപയുടെ സാധനസാമഗ്രികൾ ഗ്രാമപഞ്ചായത്തിലെ 5സ്കൂളുകൾക്കായി വിതരണം ചെയ്തിട്ടുണ്ട്. വനിതാ വികസന കോർപ്പറേഷനിൽ ബാക്കിനിൽക്കുന്ന 32509 രൂപ പദ്ധതിക്കായി വിനിയോഗിക്കാത്തപക്ഷം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. 2018-19 വർഷത്തിൽ പദ്ധതി സ്പിൽഓവറായി തുടരുന്നുണ്ട്. പദ്ധതി പൂർത്തീകരിച്ച് മുഴുവൻ തുകക്കുള്ള യൂട്ടിലൈസേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി-നിർവഹിച്ചതിലെ അപാകതകൾ

പ്രൊജക്ട്നം.279/18(സ്പിൽ ഓവർ) (എസ് സി പി)

അടങ്കൽ-100000

ബിൽനം. 2/16.8.17, തുക100000- വികസനഫണ്ട് (എസ് സി പി)

നിർവഹണോദ്യഗസ്ഥൻ- ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് എലപ്പുള്ളി

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ പദ്ധതി സ്പിൽഓവറായി 2017-18 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

എ) അർഹമായ നിരക്കിൽ ആനുകൂല്യം നൽകിയിട്ടില്ല

എസ് സി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് പ്രൊജക്ട് ലക്ഷ്യമിട്ടിരുന്നത്. അർഹരായ വിദ്യാർത്ഥികൾക്ക് നിശ്ചിതനിരക്കിലുള്ള ആനുകൂല്യം നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ഈ പദ്ധതി പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചതിൽ അർഹമായ മുഴുവൻതുകയും അനുവദിച്ചു നൽകാതെ നാമമാത്രമായ തുക മാത്രമേ അനുവദിച്ചു കാണുന്നുള്ളൂ. കുട്ടികളുടെ അർഹതക്കനുസരിച്ച് തുക വകയിരുത്തി നൽകാതെ 10വിദ്യാർത്ഥികൾക്ക് 5556/-രൂപ പ്രകാരവും 8 വിദ്യാർത്ഥികൾക്ക് 5555 രൂപ വീതവുമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. സബ്സിഡി മാർഗരേഖ ജി ഒ (എം എസ്) നം.80/2017/തസ്വഭവ തീയതി-3.4.2017 പ്രകാരം ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്നവർക്കുമുള്ള ആനുകൂല്യത്തിന്റെ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മാർഗരേഖ പരിഗണിക്കാതെയാണ് തുക വകയിരുത്തി നൽകിയിട്ടുള്ളത്. എന്നാൽ ഇതേ വർഷത്തിൽ നടപ്പിലാക്കിയ ജനറൽ പദ്ധതി പ്രകാരം 11905 രൂപ പ്രകാരം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. എസ് സി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് തുക കുറവായി വകയിരുത്തി നൽകിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കളുടെ എണ്ണം കൂടുതലായതിനാൽ വകയിരുത്തിയ തുക 100000 രൂപ ഗുണഭോക്താക്കൾക്ക് തുല്യമായി വീതിച്ചുനൽകുകയായിരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ബി) ഗുണഭോക്താക്കൾക്ക് ജനറൽ പദ്ധതി പ്രകാരവും എസ് സി പി പദ്ധതിപ്രകാരവും ആനുകൂല്യം നൽകി

2016-17 വർഷത്തിൽ വിവിധ സ്കൂളുകളിൽ പഠിച്ചിരുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന എസ് സി വിദ്യാർത്ഥികളായ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 277/18 എന്ന ജനറൽ പദ്ധതിയിലും എസ് സി പി പദ്ധതിയിലും ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിരിക്കുന്നു.

ബിൽ നം. 1/16.8.17, തുക -500000(ജനറൽ)

ബിൽനം. 2/16.8.17, തുക100000(എസ് സി പി)

| ഗുണഭോക്താവിന്റെ പേര് | ജനറൽ പദ്ധതി പ്രകാരം നൽകിയ തുക | എസ് സി പദ്ധതി യിൽ നൽകിയ തുക | അക്കൗണ്ട് നം. | വികലാംഗതയുടെ സ്വഭാവം | വിഭാഗം | റിമാർക്സ് |
|---|---|---|---|---|---|---|
| രവി. എം,<br>s/o മുത്തു, നെയ്യല | 11904 | 5556 | 67173657854 (എസ് ബി ഐ) | ഫിസിക്കലി ഹാൻഡിക്കാപ്പ്ഡ് | എസ് സി | |
| ശിവകുമാർ.എൻ<br>നടരാജൻ, മുതലിത്തറ | 11905 | 5555 | 1061101019198 (കനറ ബാങ്ക്) | എം. ആർ | OBC | |
| സൗമ്യ.ഡി<br>d/o ദ്വര.പി<br>ചുട്ടിപ്പാറ | 11905 | 5555 | 1061101019171 (കനറ ബാങ്ക്) | എം. ആർ | എസ് സി | |
| മുഹമ്മദ് ഷഫീക്ക്.എൻ | 11905 | 5555 | - | - | | അക്കൗണ്ട് നമ്പറിനുപകരം 9249511481 എന്ന ഫോൺനമ്പറാണ് ട്രഷറി ബില്ലിനോടൊപ്പമുള്ള സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഈ കുട്ടി ഉൾപ്പെടുന്നില്ല. ഈ കുട്ടിക്കായി പിൻവലിച്ച തുക ട്രഷറിയുടെ സസ്പെൻസ് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഗുണഭോക്താവിന്റെ അപേക്ഷ, അർഹതാ രേഖകൾ എന്നിവ ഇല്ല |

രണ്ടുതവണ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ നിന്ന് ഒരു പദ്ധതിപ്രകാരമുള്ള തുക മാത്രം നിലനിർത്തി ബാക്കിയുള്ള തുക തിരികെ ഈടാക്കി പഞ്ചായത്തുഫണ്ടിൽ അടവാക്കേണ്ടതാണ്.

സി) അർഹതയില്ലാത്തയാൾക്ക് ആനുകൂല്യം അനുവദിച്ചു

ട്രഷറിബിൽനം. 2/16.8.17 പ്രകാരം പിൻവലിച്ച 100000 രൂപയിൽ നിന്ന് ഉണ്ണിക്കുട്ടൻ.എസ്, കാനറാ ബാങ്കിലുള്ള നം.106110101 6311 എന്ന അക്കൗണ്ടിലേക്ക് 5555 രൂപ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവിന്റെ അപേക്ഷ, അർഹതാരേഖകൾ, പഠിതാവാണെന്നുള്ള സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഈ ഗുണഭോക്താവിന്റെ യാതൊരു രേഖകളും ഇല്ലാതിരുന്നതിനാൽ ഗുണഭോക്താവിന്റെ വിശദവിവരം ലഭ്യമാകുന്നതിനായി ബാങ്കിനെ സമീപിച്ചപ്പോൾ വേങ്ങോടി സ്വദേശിയായ ഇയാൾ ഗ്രാമപഞ്ചായത്തിൽ കോൺട്രാക്ട് വർക്കുകൾ ചെയ്യുന്നയാളും പാൻകാർഡുള്ളയാളുമാണെന്ന് തിരിച്ചറിഞ്ഞതായി നിർവഹണോദ്യോഗസ്ഥൻ 26.9.18 തീയതിയിൽ ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

കരാറുകാരനായ വ്യക്തിക്കു നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പദ്ധതിയുടെ നിർവഹണഘട്ടത്തിൽ ഒരിക്കൽപോലും ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി പദ്ധതിനിർവഹണത്തിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടില്ല. കൂടാതെ മോണിട്ടറിംഗ് കമ്മറ്റി പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയതായും കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

എ) പദ്ധതി മാർഗരേഖപ്രകാരം അർഹമായ മുഴുവൻ തുകയും വകയിരുത്തി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) അർഹതയുള്ള ഗുണഭോക്താക്കൾക്കുതന്നെയാണ് ആനുകൂല്യം നൽകുന്നതെന്നും ആവശ്യമായ എല്ലാ രേഖകളും വാങ്ങിയിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

സി) നിശ്ചിതസമയപരിധിക്കകം എല്ലാ ഗുണഭോക്താക്കളുടെയും അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റായിട്ടുണ്ടെന്ന് സാംഖ്യയിലുള്ള സംവിധാനം പ്രയോജനപ്പെടുത്തി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. തുക ക്രെഡിറ്റ് ആയിട്ടില്ലാത്തപക്ഷം ഉടനെതന്നെ അപാകത പരിഹരിച്ച് ഗുണഭോക്താക്കൾക്കു തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

ഡി) അതാതു വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതിയുടെ മോണിട്ടറിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണെന്ന് പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പദ്ധതിയുടെ നിർവഹണഘട്ടത്തിൽ മോണിട്ടറിംഗ് കമ്മറ്റികൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അർഹരായവർക്കുതന്നെയാണ് ആനുകൂല്യം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 6/25.9.18

## 3-18 വീട് നിർമാണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്റ്റ് നം.192/18 (എസ് സി പി)

അടങ്കൽ-1780000

ചെലവ്- 820000

നിർവഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

എസ് സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ വീട് നിർമാണത്തിനായി വികസനഫണ്ടിൽ നിന്നും 820000 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ആകെ 5 ഗുണഭോക്തക്കൾക്കാണ് ഭവനനിർമാണത്തിന് ആനുകൂല്യം നൽകിയിട്ടുള്ളത്.

2017-18 വർഷത്തിൽ ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട് നിർമാണ പ്രവർത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | കൈപ്പറ്റുവാൻ ബാക്കി |
|---|---|---|
| പാർവതി, ചെറോട്ടുവെളി, വേങ്ങോടി | 270000 | 30000 |
| വള്ളി ചന്ദ്രൻ, കള്ളിമുള്ളി, എലപ്പുള്ളി | 270000 | 30000 |
| തങ്കമണി രാധാകൃഷ്ണൻ,കാക്കത്തോട്, എലപ്പുള്ളി | 120000 | 180000 |
| പാറു വേലൻ, കണ്ണിയോട്,രാമശേരി | 270000 | 30000 |

ഗുണഭോക്താക്കളുടെ ഭവനനിർമാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭവനനിർമാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ കാര്യക്ഷമമായി ഇടപെട്ട് ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 വൃദ്ധർക്ക് കട്ടിൽ വിതരണം(146/18) പദ്ധതി

ഐ.സി.ഡി.എസ് . സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായിട്ടുള്ള വൃദ്ധർക്ക് കട്ടിൽ വിതരണം (146/18) പദ്ധതി പ്രകാരം 1748400/- രൂപ പ്ലാൻഫണ്ട് (ജനറൽ) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം സ്റ്റീൽ കട്ടിൽ വാങ്ങുന്നതിനായി ഇ ടെണ്ടറിൽ പങ്കെടുത്ത 3 പേരിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചയ്ത ശ്രീ.മൂർത്തി.ആർ എന്ന വ്യക്തിയിൽ നിന്ന് 3100/- രൂപ നിരക്കിൽ 564 സ്റ്റീൽ കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ.മൂർത്തി.ആർ PWD കോൺട്രാക്റ്ററാണ്. അംഗീകൃത സപ്ലൈറോ, നിർമ്മിതാവോ അല്ല എന്നത് ടെണ്ടറിൽ വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത സപ്ലൈറോ, നിർമ്മിതാവോ അല്ലാത്ത ഒരു വ്യക്തിയിൽ നിന്ന് വാങ്ങുന്നതിനേക്കാൾ ഒരു അംഗീകൃത സ്ഥാപനത്തിൽ നിന്ന് ഫർണിച്ചർ വാങ്ങുന്നതായിരിക്കും വാങ്ങൽ നടപടിക്രമങ്ങളിൽ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് നല്ലത് .

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2308100 | ഉഴവുകൂലി | 2308100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 310371 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 310371 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17<br>2017-18 | 200000<br>300000 | പെയിൻ & പാലിയേറ്റീവ് കെയർ | 196388 | 303612 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | സമ്പൂർണ്ണ വൈദ്യുതീക രണം | 500000 | 0 | 500000 |
| KSEB | സ്ട്രീറ്റ് മെയിൻ നീട്ടൽ | 1428020 | 0 | 1428020 |
| KSEB | സ്ട്രീറ്റ് ലൈറ്റുകൾക്ക് ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ | 539000 | 0 | 539000 |
| ആകെ | | 2467020 | 0 | 2467020 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | G.O.(MS)207/ 09/LSGD /24.3.12 G.O.(MS) 207/09 | 11970000 | 2199063 | 1300000 | ---- | 899063 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10964925 +623630(പലിശ) |
| തൻവർഷം നിക്ഷേപിച്ച തുക | 1425440 |
| ആകെ | 13013995 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ----- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13013995 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Elappully Co-Op. Bank, Elappully No.18000060290/19.20.2017 | 13013995 |
| ആകെ | 13013995 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015-16 | 3.7.14 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 4.1.9 | സാംഖ്യ അക്കൌണ്ടിംഗ് സംബന്ധിച്ച് | -ടി- |
| 2015-16 | 5.2.1(ജി) | ടി.എ.മാർ അവശ്യ രേഖകൾ പാലിക്കുന്നില്ല | -ടി- |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2008-09 | 3-5<br>3-6<br>3-8 | എം.കെ.സുൽത്താൻ, സെക്രട്ടറി | LF.782/ Spl.Cell/ CSC/D3 /13/ dated, 2.5.14 | 28325 | -- | -- | -- | -- | -- | 28325 | തുക ഈടാക്കിയിട്ടില്ല |
| 2 | 2008-09 | 3-11<br>3-12 | എം.വനജ,<br>അസി.എഞ്ചിനീയർ | -ടി- | 7640 | --- | --- | --- | --- | --- | 7640 | തുക ഈടാക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹. 113274198.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹.126694732.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹.11475/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ----- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | | 5920/- | രവി.വി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 5555/- | വിപിനൻ.സി.എം. പ്രധാനാദ്ധ്യാപകൻ |
| ആകെ | | 11475/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രവി.വി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എലപ്പുള്ളി ഗ്രാമപഞ്ചായത്ത് | അരവിന്ദ്നിവാസ് ഹൗസ് നം. 23/114/C3) പരുത്തിക്കാവ് തത്തമംഗലം പാലക്കാട്-678102 |
| വിപിനൻ.സി.എം. പ്രധാനാദ്ധ്യാപകൻ | പ്രധാനാദ്ധ്യാപകൻ, GUPS, എലപ്പുള്ളി | ചെമ്പത്ത് ഹൗസ്, കുലോടി, മങ്കര (പി.ഒ.), പാലക്കാട് 678613 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP14/453/07/17.3.2007 | 4 |
| 1997-98(വരവ്) | LFP14/453/07/5.2.2009 | 1 |
| 1997-98(ചെലവ്) | LFP7/361/03/6.8.2003 | 4 |
| 1998-99(വരവ്) | LFP14/103/09/5.2.2009 | 1 |
| 1998-99(ചെലവ്) | LFP14/454/07/9.6.2008 | 3 |
| 1999-2000 | LFP14/104/09/5.2.2009 | 6 |
| 2000-01 | LFP14/105/09/5.2.2009 | 18 |
| 2001-02 | LFP14/726/08/07.12.2009 | 3 |
| 2002-03 | LFP14/727/08/7.12.2009 | 3 |
| 2003-04 | LFP14/728/08/18.3.2010 | 11 |
| 2004-05 | LFP14/729/08/5.1.2010 | 3 |
| 2005-06 | LFP14/730/08/7.12.2009 | 6 |
| 2006-07 | LFP14/420/11/13.9.2011 | 10 |
| 2007-08 | LFP11/1848/13/8.1.2014 | 11 |
| 2008-09 | KSA.PKD.11/223/14/22.10.2016 | 17 |
| 2009-10& 2010-11 | LFP11/2408/12(2)/17.7.2013 | 33 |

| | | |
|---|---|---|
| 2011-12 | LFP11/52/15/05.02.2015 | 21 |
| 2012-13 | KSA-PKD11/746/18/14.5.2018 | 18 |
| 2013-14 & 2014-15 | നം.കെ.എസ്.എ-പി.കെ.ഡി.പി.11/ 1264/2016 /03.08.2016 | 19 |
| 2015-16 | KSA.PKD.11-26/2017/19.2.2018 | 18 |
| 2016-17 | KSA.PKD.11/1057/18/31.8.2018 | 21 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

## അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2017-18 ലെ നീക്കിയിരിപ്പിൽ താഴെ സൂചിപ്പിക്കുന്ന രണ്ട് അക്കൗണ്ടുകളുടെ പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

a) ബാങ്ക് ഓഫ് ഇന്ത്യ -സാക്ഷരത അക്കൗണ്ട്

b) കാനറാ ബാങ്ക് -എൻപിഎസ് അക്കൗണ്ട്

2. താഴെ പറയുന്ന നികുതി-നികുതിയേതര വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

   a) വെള്ളക്കരം

   b) വസ്തുനികുതി

   c) ലേലം

   d)വാടക

3. പാലിയേറ്റീവ് കെയറിനായി ചെലവഴിച്ച തുക കണക്കിലെടുക്കാതെയാണ് ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-4 ൽ ജോയിന്റ് വെൻച്വർ പ്രോജക്റ്റിലെ ബാലൻസ് തുക ചേർത്തിരിക്കുന്നത്. പാലിയേറ്റിവ് കെയർ നഴ്സിനു നൽകിയ മുൻകൂർ തുക അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. ട്രഷറി വി.പി.എഫ്.എ.I-3 എന്ന അക്കൗണ്ടിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

7. നിർവ്വഹണോദ്യോഗസ്ഥൻ ഡെപ്പോസിറ്റ് പ്രവർത്തികൾക്കുവേണ്ടി നിർവ്വഹണ ഏജൻസികൾക്കു നൽകുന്ന തുകകൾ "Advance to implementing agencies" എന്ന ശീർഷകത്തിൽ ചെലവു രേഖപ്പെടുത്തിയിട്ടില്ല.

8. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകയ്ക്ക് വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം 2

## പത്രികകൾ

1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 |
| --- |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30062415.00 |
| Cash | Cash | RP-40(a) | 331277.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2551969.00 |
| 130000000 | Rental income from Panchayat Properties | RP-3 | 13500.00 |
| 140000000 | Fees & User Charges | RP-4 | 1146184.00 |
| 150000000 | Sale & Hire Charges | RP-5 | 197725.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 85024494.00 |
| 171000000 | Interest Earned | RP-9 | 249034.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7889459.00 |
| 350000000 | Other Liabilities | RP-36 | 381074.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 1425440.00 |
| 180000000 | Other Income | RP-10 | 19172.00 |
| 340000000 | Deposits Received | RP-34 | 232402.00 |
| 350000000 | Other Liabilities | RP-36 | 416013.00 |
| 360000000 | Provisions | RP-37 | 4563314.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8358773.00 |
| 460000000 | Loans, Advances and Deposits | RP-47 | 805645.00 |
| | Grand total | | 143667890.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4038276.00 |
| 220000000 | Administrative Expenses | RP-12 | 1379914.00 |
| 230000000 | Operations & Maintenance | RP-13 | 4752755.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7708498.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 19638615.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1757389.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 118535.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 54120.00 |
| 255000000 | Maintenance Projects | RP-20 | 16705601.00 |
| 280000000 | Prior Period item | RP-26 | 1221252.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4403928.00 |
| 350000000 | Other Liabilities | RP-36 | 8629449.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 5768.00 |
| 280000000 | Prior Period Item | RP-26 | -14720.00 |
| 330000000 | Secured Loans | RP-32 | 1300000.00 |
| 340000000 | Deposits Received | RP-34 | 152530.00 |
| 350000000 | Other Liabilities | RP-36 | 2729108.00 |
| 360000000 | Provisions | RP-37 | 4563314.00 |
| 410000000 | Fixed Assets | RP-38 | 19748381.00 |
| 412000000 | Capital work in Progress | RP-40 | 9724080.00 |
| 420000000 | Investments | RP-41 | 1425440.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15453413.00 |
| 460000000 | Loans, Advances and Deposits | RP-47 | 1199086.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 16884657.00 |
| Cash | Cash | RP-40(b) | 88501.00 |
| | Grand Total | | 143667890.00 |

2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7264357.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 263262.00 |
| 140000000 | Fee & User Charges | I-4(b) | 1708870.00 |
| 150000000 | Sale & Hire Charges | I-5(b) | 199167.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 162713693.00 |
| 170000000 | Income from Investments | I-7 | 1425440.00 |
| 171000000 | Interest Earned | I-8 | 249034.00 |
| 180000000 | Other Income | I-9 | 19172.00 |
| | Total Income | | 173842995.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15251723.00 |
| 220000000 | Administrative Expenses | I-11(b) | 1386418.00 |
| 230000000 | Operations & Maintenance | I-12(b) | 5730152.00 |
| 240000000 | Interest & Finance Charges | I-13 | 5768.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14206867.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47995480.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1274593.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 118535.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66016720.00 |
| 255000000 | Maintenance Projects | I-14(e) | 16705601.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 96975.00 |
| | Total Expenditure | | 168788832.00 |
| | Gross Surplus/ Deficit of income over Expenditure | | 5054163.00 |
| 280000000 | Prior Period Item | I-18 | -1091420.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6145583.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. ബാലൻസ് ഷീറ്റ്-സംക്ഷിപ്തം (Audited Abstract)

| For the period from 01-April-2017 to 31-March-2018 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 51114465.24 |
| 312000000 | Reserves | B-3 | 104375525.00 |
| | Total Reserve & Surplus | | 155489990.24 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9190790.00 |
| | Total Grants, Contributions for Specific Purposes | | 9190790.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 899063.00 |
| | Total Loans | | 899063.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1453387.00 |
| 350000000 | Other Liabilities | B-9 | 1494764.66 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 2948151.66 |
| | TOTAL LIABILITIES | | 168527994.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 119302988.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 119302988.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 13113995.00 |
| | Total Investments | | 13113995.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16842076.90 |
| 440000000 | Pre-paid Expenses | B-16 | 2199063.00 |
| 450000000 | Cash and Bank Balance | B-17 | 16973158.00 |
| 460000000 | Loand, Advances and Deposits | B-18 | 96714.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 36111011.90 |